**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3423** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ തളിർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ തളിർ പദ്ധതിക്ക് ആവശ്യമായ വിത്തും വളവും സൗജന്യമായി നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | തളിർ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ പദ്ധതിയായി വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാണ്. കൃഷിക്കാവശ്യമായ വിത്ത്, തൈകൾ, വളം, ഗ്രോബാഗ്/മൺചട്ടി തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതിയ്ക്കാവശ്യമായ സാങ്കേതിക സഹായവും കൃഷി വിജ്ഞാനവും കൃഷി ഓഫീസർമാർ മുഖേന നൽകുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) | തളിർ പദ്ധതിയ്ക്കാവശ്യമായ സാങ്കേതിക സഹായവും കൃഷി വിജ്ഞാനവും കൃഷി ഓഫീസർ മുഖേന നൽകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി വിജയകരമാക്കുന്നതിന് കൃഷിവകുപ്പിന്റെ മറ്റ് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തളിർ പദ്ധതിക്കാവശ്യമായ പ്രോജക്ട് രൂപീകരിച്ചു കൊണ്ടിരിക്കുകയാണ്. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എൽ.പി. വിഭാഗം മുതൽ ഹയർ സെക്കണ്ടറി വിഭാഗം വരെയുള്ള എല്ലാ സ്വകാര്യ/ എയ്ഡഡ്/ഗവണ്മെന്റ് സ്കൂളുകൾ ഉൾപ്പെടെ 60 സ്കൂളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ